നൂറനാട് ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ

54(743) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ഇടക്കുന്നം ഗവൺമെന്റ് യു.പി. സ്കൂളിൽ ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ടെക്നിക്കൽ സ്കൂളുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇടക്കുന്നം ഗവ. യു.പി. സ്കൂളിൽ ടെക്നിക്കൽ സ്കൂൾ എന്നത്തേക്ക് അനുവദിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് കുറഞ്ഞത് 3 ഏക്കർ സ്ഥലവും കെട്ടിടവും ആവശ്യമാണ്. പുതിയ ടെക്നിക്കൽ ഹൈസ്കൂൾ തുടങ്ങുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ടെക്നിക്കൽ സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല.

(സി) ബാധകമല്ല.

സ്കൂൾ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ അളവ്

55(744) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൽ.പി,യു.പി. വിഭാഗങ്ങളിലെ കുട്ടികൾക്ക് കഞ്ഞി, ഊണ് എന്നിവ നൽകുന്നതിനായി ഒരു കുട്ടിക്ക്, ഒരു ദിവസം അരി, പയർ, പച്ചക്കറി എന്നിവ എത്ര അളവ് വീതമാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഊണിന് പുറമേ ഈ കുട്ടികൾക്ക് മറ്റ് പോഷകാഹാരങ്ങൾ എന്തൊക്കെ എത്ര ദിവസം എത്ര അളവിലാണ് നൽകുന്നത് ;

(സി) ഓരോ കുട്ടിക്കും അനുവദിക്കപ്പെട്ട പോഷകാഹാരങ്ങൾ യാതൊരു കുറവും വരാതെ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly